LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുണ്ടായിരുന്ന ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് ലയിപ്പിച്ചതെന്നും ഇത്തരത്തിൽ ലയിപ്പിക്കാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവുമൂലവും വർദ്ധിച്ചുവരുന്ന ഭരണച്ചെലവുമൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലായതുകാരണമാണ് ബോർഡുകൾ സംയോജിപ്പിക്കാൻ തീരുമാനിച്ചത്.

(ഡി) ഇങ്ങനെ ലയിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം എന്താണെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിച്ച് ശാക്തീകരിക്കുകവഴി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കഴിയും.

ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

253(4263) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വർക്ക്ഷോപ്പ് വർക്കേഴ്സ് ക്ഷേമനിധിയിൽ അംശദായം അടച്ച തൊഴിലാളികൾക്ക് തുശ്ചമായ ആനുകൂല്യം ലഭിക്കുന്ന കാര്യം പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ തൊഴിലാളികൾക്ക് നിലവിൽ റീഫണ്ട് ആനുകൂല്യത്തിന് പുറമെ 5,000 രൂപ മരണാനന്തര ധനസഹായവും 10,000 രൂപ ചികിത്സാ ധനസഹായവുമാണ് നിലവിൽ നല്കിവരുന്നത്. കൂടാതെ കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ നിലവിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി ലയനം പൂർത്തിയാകുന്ന മുറയ്ക്ക് കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

(ബി) ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിച്ചശേഷം പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാവുന്നതാണ്.

(സി) ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ അവശ്യസർവ്വീസ് ആയി പ്രഖ്യാപിക്കുമോ; ഈ തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കം ചെയ്യപ്പെട്ട നിലവിലെ സാഹചര്യത്തിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ ആവശ്യസർവ്വീസ് ആയി പരിഗണിക്കേണ്ട ആവശ്യമില്ല. കൂടാതെ നിലവിൽ സംരംഭക സഹായ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്കാണ് ധനസഹായം നൽകിവരുന്നത് എന്നതിനാൽ നിലവിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവാഹമില്ല.

(ഡി) സ്ക്രാപ്പേജ് പോളിസിയിൽ തൊഴിൽനഷ്ടം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുമോ; ഈ വിഭാഗം തൊഴിൽ മേഖലയിലുള്ള വർക്ക്ഷോപ്പുകളുടെ പൊല്യൂഷൻ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ലളിതമാക്കുമോ?

സ്ക്രാപ്പേജ് പോളിസിക്ക് രൂപം നല്കിയിരിക്കുന്നത് കേന്ദ്രസർക്കാരാണ്. ടി പോളിസി പ്രാബല്യത്തിൽ വരുമ്പോൾ തൊഴിൽനഷ്ടം വരുമോ എന്നതു സംബന്ധിച്ച് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന പ്രക്രിയ ലഘൂകരിക്കാനുള്ള നടപടികൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.